**കേരള സർക്കാർ**

നം. 14832/ഡി.ബി1/2009/തസ്വഭവ

**തദ്ദേശസ്വയംഭരണ (ഡി.ബി.)വകുപ്പ്**
തിരുവനന്തപുരം, തീയതി: 03-03-2009

**സർക്കുലർ**

വിഷയം:- തദ്ദേശസ്വയംഭരണവകുപ്പ്-എം.എൻ.ലക്ഷംവീട് നവീകരണ പദ്ധതി - 2008-09 വാർഷികപദ്ധതിയുടെ ഭാഗമായി അംഗീകരിക്കൽ – നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന:- 1) സ.ഉ.(എം.എസ്) നം.226/08/തസ്വഭവ; തീയതി 19.08.2008
2) സ.ഉ.(എം.എസ്) നം.328/08/തസ്വഭവ; തീയതി 12.12.2008
3) സ.ഉ.(സാധാ) നം.396/09/തസ്വഭവ; തീയതി 17.02.2009

സംസ്ഥാനത്തെ ലക്ഷം വീടുകളുടെ ശോച്യാവസ്ഥ പരിഹരിച്ച് വാസയോഗ്യമാക്കുവാൻ ആവിഷ്ക്കരിച്ചിട്ടുള്ള 'എം.എൻ.ലക്ഷം വീട് നവീകരണ പദ്ധതി' തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സൂചന ഒന്ന് പ്രകാരം പുറപ്പെടുവിച്ചിരുന്നു. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ വിഹിതം കൂടി വിനിയോഗിച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്.

എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ലക്ഷംവീട് കോളനികളിലെ വീടുകളുടെ വിലയിരുത്തൽ നടത്തി നിശ്ചിത ഫോറത്തിൽ വിവരശേഖരം തയ്യാറാക്കണമെന്നും പ്രസ്തുത വിവരാടിത്തറയുടെ അടിസ്ഥാനത്തിൽ 2009-10 മുതൽ ഓരോവർഷവും പുന:നിർമ്മിക്കേണ്ട വീടുകളുടെ ഭൗതികലക്ഷ്യം നിശ്ചയിക്കണമെന്നും സൂചന ഒന്ന് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. 2008-09 വർഷത്തെ സംബന്ധിച്ചിടത്തോളം ഭവന നിർമ്മാണബോർഡ് നിശ്ചയിച്ചിട്ടുള്ള ഭൗതികലക്ഷ്യത്തിന് അനുസൃതമായി പ്രോജക്ട് ഏറ്റെടുക്കണമെന്നാണ് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ പല തദ്ദേശഭരണ സ്ഥാപനങ്ങളും വിവരശേഖരം തയ്യാറാക്കുന്ന പ്രക്രിയ പൂർത്തിയാക്കിയിട്ടില്ലെന്നും 2008-09-ൽ ഭവനനിർമ്മാണ ബോർഡിന്റെ വിഹിതം ലഭിക്കുന്ന പല ഗ്രാമപഞ്ചായത്തുകളും നഗരസഭകളും 2008-09 വാർഷികപദ്ധതിയിൽ വിഹിതം വകയിരുത്തിയിട്ടില്ലെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ഈ വിഷയം സംബന്ധിച്ച് ചുവടെ പ്രതിപാദിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) സൂചന ഒന്നിലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം ലക്ഷം വീടുകളുടെ വിലയിരുത്തൽ നടത്തി വിവരശേഖരം ഇതുവരെയും തയ്യാറാക്കാത്ത ഗ്രാമപഞ്ചായത്തുകളും നഗരസഭകളും 2009 മാർച്ച് 31-നകം പ്രസ്തുത പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതാണ്. നിശ്ചിത ഫോറത്തിൽ തയ്യാറാക്കുന്ന വിവരങ്ങളുടെ പകർപ്പ് കേരളസംസ്ഥാന ഭവനനിർമ്മാണ ബോർഡിനും ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും അയച്ചുകൊടുക്കേണ്ടതാണ്.

(2) 2008-09-ൽ ഭവനനിർമ്മാണബോർഡിന്റെ വിഹിതം ലഭിക്കുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും 2008-09 വാർഷിക പദ്ധതിയിൽ 'ലക്ഷംവീട് നവീകരണ പദ്ധതി' ഉൾപ്പെടുത്തേണ്ടതാണ്. സൂചന രണ്ട് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി വാർഷികപദ്ധതി ഭേദഗതി ചെയ്ത് വിഹിതം കണ്ടെത്തേണ്ടതും പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടേണ്ടതുമാണ്.

(3) 2008-09-ൽ ഭവനനിർമ്മാണ ബോർഡിന്റെ വിഹിതം ലഭിക്കുന്ന തദ്ദേശഭരണ സ്ഥാപനത്തിന് നടപ്പ് വാർഷികപദ്ധതി ഭേദഗതി ചെയ്ത് വിഹിതം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ സൂചന മൂന്നിലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം

അടുത്ത വാർഷികപദ്ധതിയിൽ (2009-10) 2008-09-ലെ ഭൗതികലക്ഷ്യത്തിന് അനുസൃതമായ വിഹിതം കൂടി വകയിരുത്തുന്നതാണെന്ന് ഭരണസമിതി തീരുമാനമെടുക്കേണ്ടതും ആ വിവരം കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിനെയും ജില്ലാ ആസൂത്രണസമിതിയെയും അറിയിക്കേണ്ടതുമാണ്.

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7. സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
8. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്
9. പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്
10. പഞ്ചായത്ത് ഡയറക്ടർ,
11. ഗ്രാമവികസന കമ്മീഷണർ
12. നഗരകാര്യ ഡയറക്ടർ
13. മുഖ്യ നഗരാസൂത്രകൻ
14. കമ്മീഷണർ & സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്
15. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ
16. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
17. എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷൻ
18. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
19. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
21. എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി(ജില്ലാകളക്ടർമാർ)മാർക്കും
22. എല്ലാ ദാരിദ്ര്യലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
23. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
24. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
25. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
26. എല്ലാ കുടുംബശ്രീ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
27. എല്ലാ ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസർമാർക്കും
28. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
29. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്
30. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
31. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
32. സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
33. സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
34. സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
35. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
36. ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡിസി/ഡി.ഡി/എഫ്.എം/സെക്ഷനുകൾക്ക്